⇨ ഒരു ചെറു രാഷ്ട്രീയ ഇടപെടൽ നടത്താൻ പോലും പാർട്ടിക്ക് കഴിയുന്നില്ല ⇨

**ആമുഖം**
*ആം ആദ്മി പാർട്ടിയുടെ ഇന്നത്തെ അവസ്ഥയിൽ സജീവപ്രവർത്തകരായുള്ള അണികളും പാർട്ടിയിൽ വിശ്വാസവും പ്രതീക്ഷയും വച്ചുപുലർത്തിയിരുന്ന സാധാരണക്കാരായ ജനങ്ങളും നിരാശരാണ്. ആം ആദ്മി പാർട്ടിയുടെ കേരള ഘടകം, പാർട്ടി ഇന്നഭിമുഖീകരിക്കുന്ന പ്രതിസന്ധിക്കു കാരണം സംഘടനാപരമാണെന്ന ധാരണ വെച്ചുപുലർത്തുന്നതുകൊണ്ട് സംഘടനാ ക്രമീകരണ നടപടികൾ ആവർത്തിച്ചുകൊണ്ടേയിരിക്കുകയാണ്. ഇന്ന് പാർട്ടി അഭിമുഖീകരിക്കുന്ന പ്രതിസന്ധിക്ക് പിന്നിലെ കാരണങ്ങൾ രാഷ്ട്രീയപരമാണ്. സ്വരാജ് രാഷ്ട്രീയം അതിന്റെ ശരിയായ അർത്ഥത്തിൽ തിരിച്ചറിയുകയും, ഉൾക്കൊള്ളുകയും, അതിനെ പ്രായോഗിക രാഷ്ട്രീയവുമായി സമന്വയിപ്പിക്കാൻ കഴിയാതെപോവുകയും ചെയ്തതാണ് ആം ആദ്മി പാർട്ടിയുടെ കേരള ഘടകം നേരിടുന്ന പ്രധാന പ്രതിസന്ധി. അത് പരിഹരിക്കുന്നതിനുള്ള ചില പദ്ധതികളും നിർദ്ദേശങ്ങളും ചർച്ചയ്ക്ക് വയ്ക്കുകയാണിവിടെ.*

# ആം ആദ്മി പാർട്ടി നേരിടുന്നത് ഒരു രാഷ്ട്രീയ പ്രതിസന്ധിയാണ്

മുൻ നക്സലൈറ്റ് നേതാവും ആം ആദ്മി പാർട്ടിയുടെ അഭ്യുദയകാംക്ഷിയുമായ ലേഖകൻ പാർട്ടിയുടെ കേരള ഘടകം അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾക്കുള്ള പരിഹാരങ്ങൾ 2014 നവംബർ 2ന് സംസ്ഥാന നേതൃത്വത്തിന് എഴുതിയിരുന്നു. എന്നാൽ, നേതൃത്വം പ്രതികരിച്ചില്ല. തുടർന്ന്, പുതിയ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ 2015 മെയ് 25ന് വീണ്ടും ഒരു കുറിപ്പ് സംസ്ഥാന നേതൃത്വത്തിന് അദ്ദേഹം നൽകി. അതും നേതൃത്വം ചർച്ചയ്ക്കെടുത്തില്ല. ജനാധിപത്യപരമായി പ്രവർത്തിക്കുന്ന ഏത് രാഷ്ട്രീയ പ്രസ്ഥാനവും അഭിമുഖീകരിക്കേണ്ട നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്ന ആ കത്ത് കൂടുതൽ സംവാദങ്ങൾക്കായി കേരളീയം പ്രസിദ്ധീകരിക്കുകയാണ്.

**അമീർ അലി**

ആം ആദ്മി പാർട്ടി അഖിലേന്ത്യാ തലത്തിൽതന്നെ ഒരു ഗുരുതരമായ പ്രതിസന്ധിയിലൂടെ കടന്നുപോവുകയാണ്. സംസ്ഥാനത്ത് ഇത് രണ്ട് തലത്തിലാണ് അനുഭവപ്പെടുന്നത്. പാർട്ടി ഭരണഘടന മുന്നോട്ട് വെച്ച ലക്ഷ്യത്തിൽ നിന്നും, അതുമായി ബന്ധപ്പെട്ട രാഷ്ട്രീയ നിലപാടുകളിൽ നിന്നുമുള്ള വ്യതിയാനങ്ങൾ കാരണം സംജാതമായ പാർട്ടിക്കുള്ളിലെ പ്രശ്നങ്ങൾ ആരോഗ്യകരമായ ആശയസമരത്തിലൂടെയും, ലോക്പാൽ പോലുള്ള സംവിധാനങ്ങൾ വഴിയും പാർട്ടിക്കുള്ളിൽതന്നെ പരിഹരിക്കപ്പെടുന്നതിന് പകരം, സംഘടനാ നടപടികളിലൂടെ പരിഹാരം കാണാൻ ശ്രമിച്ചത് മൂലമുണ്ടായ സങ്കീർണ്ണ പ്രതിസന്ധികൾ ഒരുവശത്ത്. സംസ്ഥാന പാർട്ടിയിൽ അതിന്റെ രൂപീകരണം തൊട്ടുതന്നെ, പ്രത്യേകിച്ചും 2014-ലെ ലോകസഭാ തെരഞ്ഞെടുപ്പിനെ തുടർന്ന് നിലനിന്നിരുന്ന പ്രതിസന്ധി മറുവശത്ത്. രണ്ടും കൂടിച്ചേർന്നതോടെ പ്രതിസന്ധികൾ കൂടുതൽ ഗുരുതരാവസ്ഥയിലായിരിക്കുകയാണ്. ഇന്ന് സംസ്ഥാനത്ത് നിലനിൽക്കുന്ന ഭീകരവും ശോചനീയവുമായ രാഷ്ട്രീയ പരിതസ്ഥിതിയിൽ ഫലപ്രദമായതോ, പോകട്ടെ, ഒരു ചെറു രാഷ്ട്രീയ ഇടപെടൽ നടത്താൻ പോലും പാർട്ടിക്ക് കഴിയുന്നില്ല. സംഭവിച്ച രാഷ്ട്രീയമായ വീഴ്ച്ചകളും അതുമായി ബന്ധപ്പെട്ട സംഘടനാപരമായ പാളിച്ചകളും തിരുത്തുന്നതി

➪ തികച്ചും അരാഷ്ട്രീയമായ വിമർശനങ്ങളെ അതേപടി സംഘങ്ങൾ അംഗീകരിക്കുകയും ചെയ്തു ➪




നായി ശരിയായ രാഷ്ട്രീയം തിരിച്ചറിയുകയും, ഉൾക്കൊള്ളുകയും, അവ സിദ്ധാന്തത്തിലും പ്രയോഗത്തിലും പ്രാവർത്തികമാക്കുകയും ചെയ്യാനുള്ള തീവ്രശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

**രാഷ്ട്രീയ വീഴ്ച്ചയും പരിഹാരങ്ങളും**

പാർട്ടി അതിന്റെ ലക്ഷ്യമായി മുന്നോട്ട് വെച്ച സ്വരാജ് എന്ന മഹനീയ ആദർശം, അത് പാർട്ടി ഭരണഘടന രാഷ്ട്രീയമായി വിശദീകരിച്ചിരുന്നുവെങ്കിലും, അതിന്റെ യഥാർത്ഥ രാഷ്ട്രീയ അർത്ഥവ്യാപ്തിയും, സമകാലീന കേരളീയ സാഹചര്യത്തിൽ അതിന്റെ അപാര പ്രായോഗിക സാദ്ധ്യതകളും തിരിച്ചറിയാൻ കഴിഞ്ഞില്ല എന്നതുതന്നെയാണ് നമ്മുടെ യഥാർത്ഥ വീഴ്ച്ച. അതുകാരണം, ഡൽഹി അനുഭവങ്ങളെ കരണീയ മാതൃകയായി കണ്ട് അതിനെ യാന്ത്രികമായി അനുകരിക്കുകയാണ് നാം ചെയ്തത്. ചുരുക്കിപ്പറഞ്ഞാൽ പാർട്ടിയുടെ രാഷ്ട്രീയ ലക്ഷ്യം സമം തിരഞ്ഞെടുപ്പിൽ പങ്കെടുക്കുക എന്നാക്കി ചുരുക്കിക്കണ്ടു. ഗ്രാമങ്ങളിൽ, പഞ്ചായത്തുകളിൽ, സംസ്ഥാനത്തു തന്നെയും ജനകീയ സ്വയംഭരണം (സ്വരാജ്) സ്ഥാപിക്കുക എന്ന ലക്ഷ്യപ്രാപ്തിക്കായുള്ള അടിസ്ഥാന വിഭാഗങ്ങൾക്കിടയിലെ ബദൽ രാഷ്ട്രീയ പ്രവർത്തനങ്ങൾ തെരഞ്ഞെടുപ്പിൽ പ്രയോജനപ്പെടുത്തുകയും, അത്തരം ജനങ്ങളിൽ ഒരാളായി ഇഴുകിച്ചേർന്നുള്ള പ്രവർത്തനങ്ങളിലൂടെ ജനങ്ങളിൽ ഒരാളായി മാറുമ്പോൾ, ജനങ്ങൾക്ക് സ്വീകാര്യനാകുന്ന ഒരാൾ സ്ഥാനാർത്ഥിയാകാൻ യോഗ്യനാകുന്ന ഘട്ടത്തിൽ തീർച്ചയായും പ്രസ്തുത മണ്ഡലത്തിൽ ചൂല് ചിഹ്നം യാഥാർത്ഥ്യമാകുന്നതാണ്. ഇതായിരിക്കണം തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് പാർട്ടിക്കുണ്ടായിരിക്കേണ്ട ശരിയായ നയം എന്ന് ഇപ്പോൾ അനുഭവങ്ങളിലൂടെ നാം തിരിച്ചറിയുന്നുണ്ട്. ഒരു നീണ്ട നാളത്തെ കഠിനവും യാതനാ പൂർണ്ണവും നിസ്വാർത്ഥവുമായ ഒരു കൂട്ടം സാമൂഹ്യപ്രവർത്തകരുടെ സജീവ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് ഡൽഹി അനുഭവം എന്നുകൂടി നാം തിരിച്ചറിയുന്നു. തെരഞ്ഞെടുപ്പിനെ സംബന്ധിച്ച യാന്ത്രികയവും ആത്മനിഷ്ഠവുമായ സമീപനം കാരണം കഴിഞ്ഞ തെരഞ്ഞെടുപ്പ് സമയം നിക്ഷിപ്ത താത്പര്യക്കാർ ആപ്പ് തൊപ്പിയും അണിഞ്ഞ് ചൂലെടുക്കാൻ മുന്നോട്ട് വന്നപ്പോൾ യാതൊരു യോഗ്യതാ മാനദണ്ഡങ്ങളും പാലിക്കാതെ സ്ഥാനാർത്ഥിവേഷം കെട്ടലിന് പാർട്ടിക്ക് വിധേയമാകേണ്ടതായി വരികയും ചെയ്തു. ഇത്തരം ഗുരുതരമായ വീഴ്ച്ചകൾ ഭാവിയിൽ സംഭവിക്കാതിരിക്കാൻ ജാഗ്രതപ്പെടേണ്ടതുണ്ട്.

ലോകസഭാ തിരഞ്ഞെടുപ്പിനെ തുടർന്ന്, പാർട്ടിക്ക് വ്യക്തമായ ഒരു രാഷ്ട്രീയ-പ്രായോഗിക പദ്ധതിയില്ലാത്തതിനാൽ സംസ്ഥാന പാർട്ടിയിൽ ആകെ ഒരു ശൂന്യത സംജാതമാകുകയും, അത് പ്രവർത്തകരിലും അണികളിലും വിഭാഗീയതപോലുള്ള തെറ്റായ പ്രവണതകൾ തലപൊക്കുവാൻ ഇടയാക്കുകയും, പാർട്ടിയെ കൂടുതൽ കുഴപ്പത്തിലാക്കുകയും ചെയ്തു. പാർട്ടി അഭിമുഖീകരിക്കുന്ന എല്ലാതരം പ്രതിസന്ധികൾക്കും കാരണം രാഷ്ട്രീയപരമാണെന്ന യാഥാർത്ഥ്യം തിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല; എന്നു മാത്രമല്ല, സംസ്ഥാന ഘടകത്തിന് ശരിയായ രാഷ്ട്രീയ മാർഗ്ഗദർശനം നൽകാൻ കേന്ദ്രനേതൃത്വത്തിനും കഴിഞ്ഞില്ല. ഇത്തരം ഒരു പരിതസ്ഥിതിയിൽ എല്ലാ കുഴപ്പങ്ങൾക്കും കാരണം സംഘടനാപരമാണെന്ന് തെറ്റിദ്ധരിക്കുകയും, സംസ്ഥാന പാർട്ടിയിലാകെ ഒന്നിലേറെ കുറ്റവിചാരണ സംഘങ്ങളെ നിയോഗിച്ച് പ്രശ്നപരിഹാരത്തിനായി ശ്രമിക്കുകയും ചെയ്തു. പാർട്ടിയിൽ ഉടലെടുത്ത എല്ലാ അസ്വസ്ഥതകൾക്കും പ്രവർത്തന ശൂന്യതയ്ക്കും കാരണം സംസ്ഥാന-ജില്ലാ നേതാക്കന്മാരുടെ പ്രാപ്തിയില്ലായ്മയാണെന്ന് ധരിച്ച് അവർക്കെതിരെ രൂക്ഷവിമർശനങ്ങളുമായി അണികൾ അന്വേഷണ സംഘങ്ങൾക്കു മുമ്പാകെ വരികയും ചെയ്തു. ഉന്നയിക്കപ്പെട്ട തികച്ചും അരാഷ്ട്രീയമായ വിമർശനങ്ങളെ അതേപടി സംഘങ്ങൾ അംഗീകരിക്കുകയും ചെയ്തു. ഫലം സാമൂഹ്യ പ്രതിബദ്ധതയു

ള്ളവരും പരിചയ സമ്പന്നരുമായ ഏതാനും സജീവപ്രവർത്തകരുൾപ്പടെ നിരവധി പാർട്ടി പ്രവർത്തകരെ വെട്ടിനിരത്തുകയോ, നിർജ്ജീവരാക്കുകയോ ചെയ്യപ്പെട്ടു എന്നതാണ്. ഈ നടപടികൾ ഗുരുതരമായ രാഷ്ട്രീയ വീഴ്ച്ചയാണെന്ന് തിരിച്ചറിയുമ്പോൾത്തന്നെ പാർട്ടിയുടെ പുനഃസംഘടനയുടെ ഭാഗമായി ഈ തെറ്റ് തിരുത്തുക കൂടി ചെയ്യേണ്ടത് അടിയന്തിര കടമകളിൽ ഒന്നാണ്.

നിസ്വാർത്ഥത, സാമൂഹ്യ പ്രതിബദ്ധത, അർപ്പണ മനോഭാവം, മുൻകൈശേഷി എന്നീ ഗുണമേന്മയുള്ള സാമൂഹ്യ പ്രവർത്തകരെ പാർട്ടിരാഷ്ട്രീയത്താൽ ആയുധം അണിയിച്ച് സജീവ മുന്നണി പ്രവർത്തകരാക്കി മാറ്റുന്നതിൽ നേതൃത്വത്തിന് കഴിഞ്ഞിരുന്നില്ല എന്നതാണ് മറ്റൊരു വീഴ്ച്ച. മറ്റൊരു വാക്കിൽ പറഞ്ഞാൽ, പാർട്ടിക്ക് ഒരു ശരിയായ കേഡർനയം ഉണ്ടായിരുന്നില്ല; അങ്ങിനെ ഒന്ന് ഉണ്ടായിരിക്കണമെന്ന് രാഷ്ട്രീയമായി തിരിച്ചറിഞ്ഞിരുന്നുമില്ല. ഇതും അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

പാർട്ടിയുടെ നല്ലവരായ അഭ്യുദയകാംക്ഷികൾ ആവർത്തിച്ച് ചൂണ്ടിക്കാട്ടിയിട്ടുപോലും തിരുത്താൻ കഴിയാതിരുന്ന ഗുരുതരമായ ഒരു രാഷ്ട്രീയ വീഴ്ച്ചയാണ് ആം ആദ്മി പാർട്ടിയെ ആം (സാധാരണ) വത്ക്കരിക്കുകയെന്നത്. മർദ്ദിതരും ചൂഷിതരുമായ പാർശ്വവത്കൃത സമൂഹത്തിന്റെ മോചനത്തിനായുള്ള ഏക രാഷ്ട്രീയ പാർട്ടിയായ ആം ആദ്മി പാർട്ടിയിൽ എത്ര ആം ആദ്മികൾ പ്രവർത്തകരായി പാർട്ടിക്കുന്നുണ്ട് എന്നത് പരിശോധിക്കപ്പെടുകയും, തിരുത്തുകയും ചെയ്യേണ്ടതാണ്. അതുപോലെതന്നെ പാർട്ടി രേഖകളും മറ്റും അർഹതപ്പെട്ട മുഴുവൻ അംഗങ്ങൾക്കും മാതൃഭാഷയിൽ ലഭ്യമാക്കാനുള്ള ഉപാധികൾ സൃഷ്ടിക്കുകയും, അങ്ങനെ നടക്കുന്നുണ്ട് എന്നുറപ്പ് വരുത്തുകയും ചെയ്യണം.

പാർട്ടി ഭരണഘടന ഒരു സാധാരണ അംഗം സജീവ അംഗമായി പരിഗണിക്കപ്പെടുന്നതിനെപ്പറ്റി നിഷ്ക്കർഷിക്കപ്പെടുന്നതു പ്രകാരം; പാർട്ടി അംഗങ്ങൾ താഴെ തട്ടിലുള്ള സാധാരണക്കാരുമായി ഇഴുകിച്ചേർന്ന് അവരിൽ ഒരാളായി മാറുകയും, അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്ന ഒരാളെ മാത്രമേ ഒരു ആം ആദ്മി പാർട്ടി പ്രവർത്തകനായി പരിഗണിക്കപ്പെടുകയുള്ളൂ എന്ന് നിഷ്കർഷിക്കപ്പെടുകയും, പഠിപ്പിക്കുകയും, പരിശീലിപ്പിക്കുകയും ചെയ്യേണ്ടതുണ്ട് എന്ന് പാർട്ടി തിരിച്ചറിയുന്നു.

മിഷൻ വിസ്താർ പദ്ധതി പ്രകാരം ഇന്ന് നടന്നുകൊണ്ടിരിക്കുന്ന സംഘടനാ ക്രമീകരണങ്ങളുടെ ഭാഗമായിത്തന്നെ, മുകളിൽ സൂചിപ്പിച്ച രാഷ്ട്രീയവും സംഘടനാപരവുമായ വീഴ്ച്ചകൾക്കുള്ള പരിഹാര നടപടികളും ഏറ്റെടുത്ത് നടപ്പിലാക്കണം. മുകളിൽ പറഞ്ഞ കടമകൾ പൂർത്തീകരിക്കപ്പെടുന്നതോടെ പാർട്ടി പുനഃസംഘടനയുടെ പ്രഥമ ഘട്ടം പൂർത്തീകരിക്കപ്പെടും. അടുത്ത സുപ്രധാന ഘട്ടത്തിൽ, പാർട്ടി മുന്നോട്ടുവെക്കുന്ന രാഷ്ട്രീയ-പ്രായോഗിക പദ്ധതി പ്രാവർത്തികമാക്കുന്ന മുറയ്ക്ക് പ്രവർത്തകരുടെ സാമൂഹ്യപ്രതിബദ്ധതയും പ്രവർത്തനക്ഷമതയും ആത്മവിശ്വാസവും ഉയരുന്ന ഘട്ടത്തിൽ, കൺവെൻഷൻ പോലുള്ള പാർട്ടി ഭരണഘടനാ ചട്ടങ്ങൾക്ക് അനുസൃതമായ നടപടിക്രമങ്ങൾ പൂർത്തീകരിക്കപ്പെടണം. അങ്ങനെയാണ് പുനഃസംഘടന പൂർത്തീകരിക്കപ്പെടേണ്ടത്.

സ്വരാജ് എന്ന ആദർശലക്ഷ്യം സഫലീകരിക്കുന്നതിനായി പാർട്ടി ഭരണഘടന മുന്നോട്ടു വെച്ച രാഷ്ട്രീയ ദിശയെ സംബന്ധിച്ച് മുഴുവൻ പാർട്ടിയെയും വിദ്യഭ്യാസം ചെയ്യിക്കേണ്ടതുണ്ട്. പ്രത്യേകിച്ചും, ഈ അടുത്ത നാളിൽ കേന്ദ്ര നേതൃത്വത്തിൽ ഉടലെടുത്ത രാഷ്ട്രീയവും, സംഘടനാപരവുമായ പ്രശ്നങ്ങൾ പാർട്ടിയിലാകെ സൈദ്ധാന്തികവും രാഷ്ട്രീയവുമായ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്ന സാഹചര്യത്തിൽ അത് അനിവാര്യമാണ്. പാർട്ടിയുടെ ഉത്തരവാദിത്വ നിർവ്വഹണം അതിന്റെ ശരിയായ ദിശയിൽ മുന്നോട്ടു പോകണമെങ്കിൽ ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുന്നതും, രാഷ്ട്രീയത്താൽ സുശക്തമായതുമായ ഒരു പാർട്ടി കൂടിയേ പറ്റൂ. പാർട്ടിയുടെ ചലനാത്മകത അതിന്റെ ജീവരക്തമായി വർത്തിക്കുന്ന, വർത്തിക്കേണ്ട ജനാധിപത്യ പ്രക്രിയയിലാണ് കുടികൊള്ളുന്നത്. ഈ പ്രക്രിയ എന്ന രക്തസംക്രമണത്തിന് വിഘ്നം സംഭവിക്കുകയോ, മറ്റേതെങ്കിലും തരത്തിൽ ദുഷിക്കുകയോ ചെയ്യുകയാണെങ്കിൽ എന്തു സംഭവിക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഒറ്റവാക്കിൽ പറഞ്ഞാൽ ജനാധിപത്യം എന്നത് പാർട്ടിയുടെ ജീവിതചര്യ തന്നെയാണ്. പാർട്ടി ഭരണഘടന തികച്ചും ശരിയായിത്തന്നെ പറയുന്നു: "ജനാധിപത്യം എന്നത് ജനകീയ സ്വയംഭരണം ആണ്. എന്നാൽ ജനാധിപത്യത്തിന്റെ ഇന്നത്തെ കാലത്തെ പ്രയോഗം ഈ ആദർശത്തെ നിഷേധിക്കുകയും പൗരനെ കേവലം ഒരു മൃതവസ്തുവായി ചുരുക്കി കാണുകയും ചെയ്യുന്നു. നമ്മുടെ പാർട്ടി ഭരണഘടനയിൽ എടുത്തുപറഞ്ഞപോലെ സ്വരാജ് സ്ഥാപിക്കുക എന്ന വാഗ്ദാനം സാക്ഷാത്

ക്കരിക്കാനായി അധികാരം ജനങ്ങളിലേക്ക് തിരിച്ച് പിടിക്കുക എന്നതാണ് ആം ആദ്മി പാർട്ടിയുടെ ലക്ഷ്യം." *(പാർട്ടി ഭരണഘടന, ആർട്ടിക്കിൾ II).*

ഇവിടെ നാം മനസ്സിലാക്കേണ്ടത് രാജ്യത്തിന് മാത്രമല്ല, പാർട്ടിക്കു കൂടി ബാധകമാണ് ജനാധിപത്യ സങ്കൽപ്പം എന്നതാണ്. പാർട്ടിയിലെ മുതിർന്ന നേതാക്കൾതൊട്ട് സാധാരണ അംഗങ്ങൾ വരെ, ഏത് ദുഷിച്ച അധികാരത്തിൽ നിന്നാണോ ജനങ്ങൾക്ക് യഥാർത്ഥ ജനാധിപത്യം, ജനകീയ സ്വയംഭരണാധികാരം തിരിച്ചുപിടിച്ച് നൽകേണ്ടത്, അതേ ദുഷിച്ച അധികാരത്തിന്റെ മാറാപ്പുകളും പേറിക്കൊണ്ട് തന്നെയാണ് പുതിയ പാർട്ടിയിലും വന്നതും, വന്നുകൊണ്ടിരിക്കുന്നതും. ഇത്തരം എല്ലാതരം ദുഷിച്ച ആശയങ്ങളുടേയും സ്വാധീനത്തിൽനിന്നും ശരിയായ ആശയങ്ങളിലേക്ക്, പ്രഖ്യാപിത ആശയങ്ങളിലേക്ക് തിരിച്ച് പിടിക്കുക എന്നത് കൂടിയാണ് പാർട്ടിയുടെ ലക്ഷ്യം. പാർട്ടിക്കുള്ളിൽ എങ്ങിനെ, ഏതു രീതിയിലാണ് ജനാധിപത്യം പ്രാവർത്തികമാക്കപ്പെടുക എന്ന സുപ്രധാന സൈദ്ധാന്തികവും, രാഷ്ട്രീയവുമായ വിഷയം പാർട്ടി ഭരണഘടനയിൽതന്നെ വിശദമാക്കപ്പെട്ടിരുന്നുവെങ്കിൽ, ആശയ സമരം പാർട്ടിക്കകത്തും, പുറത്തും നടത്താനുള്ള അവസരം അനുവദിക്കപ്പെട്ടിരുന്നെങ്കിൽ പാർട്ടിക്ക് ക്ഷീണമല്ല, മറിച്ച് ആശയപരമായ കരുത്തും, കൂടുതൽ ജനവിശ്വാസവും ആർജ്ജിക്കുകയുമാണ് ചെയ്യുക എന്ന കാര്യം രാഷ്ട്രീയമായി തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ; ജനാധിപത്യമെന്നത് കേവലം ഒരു അചേതനവസ്തുവായി മാത്രം ചുരുക്കി കാണുന്ന മാധ്യമങ്ങൾക്കും, ജനവിരുദ്ധർക്കും പാർട്ടിക്കുള്ളിലെ ആശയസമരം തെറ്റിദ്ധരിക്കുകയും, ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യാൻ കഴിയാതെ വന്നേനെ. രാഷ്ട്രീയ ബോധമില്ലാത്ത ചില നേതാക്കൾ ഉൾപ്പടെയുള്ള ഏതാനും പാർട്ടി അണികളെപ്പോലും ആശയക്കുഴപ്പത്തിലാക്കി നിരാശരാക്കുന്നതിന് കഴിയാതെ വന്നേനെ. പരമ്പരാഗത രാഷ്ട്രീയ പാർട്ടികൾ ജനാധിപത്യത്തെയും, സുതാര്യതയെയും പറ്റിയെല്ലാം വീമ്പിളക്കുന്നത് അവ കേവലം അചേതനവസ്തു ആയി മാത്രം കണ്ട് തങ്ങളുടെ ഒളിയജണ്ട നടപ്പിലാക്കുകയും, ജനങ്ങളെ കബളിപ്പിക്കുകയും ചെയ്യുന്നതു പോലെയല്ല ആം ആദ്മി പാർട്ടി ചെയ്യുന്നത് എന്ന് അൽപ്പം അഹങ്കാരത്തോടെ ത്തന്നെ പറയാൻ പാർട്ടിക്കും, അണികൾക്കും കഴിഞ്ഞേനെ. പാർട്ടിയുടെ അന്തസ്സ് ഒന്നുകൂടി ഉയർത്തിപ്പിടിക്കാമായിരുന്നു.

> ജനകീയ സ്വയംഭരണം (സ്വരാജ്) സ്ഥാപിക്കുന്നതിലൂടെ ജനവിരുദ്ധ ശക്തികളിൽ നിന്ന് അധികാരം ജനങ്ങൾക്ക് തിരിച്ച് നൽകുക എന്നതാണ് അതിന്റെ പരമമായ ലക്ഷ്യമെന്ന് പ്രഖ്യാപിച്ച ഒരു പാർട്ടിക്കകത്ത് സ്വേച്ഛാധിപത്യപരമായ അധികാരപ്രയോഗം ഒരിക്കലും അനുവദിക്കപ്പെടുന്നില്ല. എന്നാൽ പാർട്ടിയുടെ ഈ പരമമായ ലക്ഷ്യം നേടുന്നതിനുള്ള പ്രാഥമിക ചുവടുകൾ മുന്നോട്ടുവെക്കുന്നതിൽ വിജയിച്ചപ്പോൾതന്നെ ജനാധിപത്യം എന്ന പാർട്ടിയുടെ ജീവരക്തസംക്രമണത്തെ കളങ്കപ്പെടുത്തുന്ന ജനതാത്പര്യ വിരുദ്ധ പ്രവണതകൾ തലപൊക്കാൻ തുടങ്ങുകയും ചെയ്യുന്നു.

അതുപോലെ ഈ സുഗമമായ ജനാധിപത്യ പ്രക്രിയക്ക് വിഘ്നം സൃഷ്ടിക്കുന്ന മറ്റൊരു തെറ്റായ പ്രവണതയാണ് അധികാരവുമായി ബന്ധപ്പെട്ട് പാർട്ടിയിൽ വളർന്നുവരുന്ന സ്വേച്ഛാധിപത്യരീതി. അധികാരം, അതെ രാഷ്ട്രീയാധികാരമില്ലെങ്കിൽ ജനങ്ങൾക്ക് ഒന്നുംതന്നെ ഇല്ല എന്ന രാഷ്ട്രീയമായ തിരിച്ചറിവിന്റെ ഫലമാണ് ആം ആദ്മി പാർട്ടി. ജനകീയ സ്വയംഭരണം (സ്വരാജ്) സ്ഥാപിക്കുന്നതിലൂടെ ജനവിരുദ്ധ ശക്തികളിൽ നിന്ന് അധികാരം ജനങ്ങൾക്ക് തിരിച്ച് നൽകുക എന്നതാണ് അതിന്റെ പരമമായ ലക്ഷ്യമെന്ന് പ്രഖ്യാപിച്ച ഒരു പാർട്ടിക്കകത്ത് സ്വേച്ഛാധിപത്യപരമായ അധികാരപ്രയോഗം ഒരിക്കലും അനുവദിക്കപ്പെടുന്നില്ല. എന്നാൽ പാർട്ടിയുടെ ഈ പരമമായ ലക്ഷ്യം നേടുന്നതിനുള്ള പ്രാഥമിക ചുവടുകൾ മുന്നോട്ടുവെക്കുന്നതിൽ വിജയിച്ചപ്പോൾതന്നെ ജനാധിപത്യം എന്ന പാർട്ടിയുടെ ജീവരക്തസംക്രമണത്തെ കളങ്കപ്പെടുത്തുന്ന ജനതാത്പര്യ വിരുദ്ധ പ്രവണതകൾ തലപൊക്കാൻ തുടങ്ങുകയും ചെയ്യുന്നു. അതുകൊണ്ടാണ് പാർട്ടിയെ ശുദ്ധീകരിക്കുന്ന നിരന്തര പ്രക്രിയയായ പാർട്ടിക്കുള്ളിൽ നടക്കേണ്ട ആരോഗ്യകരമായ ആശയസമരത്തെ ഒരിക്കലും അച്ചടക്ക നടപടിയിലൂടെ നിഷേധിക്കരുത് എന്ന് പാർട്ടി ഭരണഘടനാ വ്യവസ്ഥയായിത്തന്നെ എടുത്ത് പറയണമെന്ന് പറയുന്നത്.

അതേസമയം ഏകപക്ഷീയതയിൽ നാം അകപ്പെടുകയുമരുത്. ഒരു സംഘടനയിൽ

കേന്ദ്രീകരണവും, വികേന്ദ്രീകരണവും അതിന്റെ ഇരുവശങ്ങളായി നിലനിൽക്കുന്നു. അവ രണ്ടും ചേർന്ന ചലനാത്മകതയാണ് ജനാധിപത്യ പ്രക്രിയയെ കൂടുതൽ സുതാര്യമാക്കുന്നത്. വിശദമായ അന്വേഷണങ്ങൾക്കും ചർച്ചകൾക്കും ശേഷം കേന്ദ്രീകൃതമായ ഒരു രാഷ്ട്രീയ തീരുമാനമുണ്ടാവുന്നു. ഉദാഹരണത്തിന് ഡൽഹി ഒന്നാം ആം ആദ്മി സർക്കാർ രൂപീകരിക്കുവാനുള്ള തീരുമാനം. അതുപോലെ പല രാഷ്ട്രീയ തീരുമാനങ്ങളും സംഘടനയെ സംബന്ധിച്ചും പാർട്ടിക്കുള്ളിൽ ഉണ്ട്. അത്തരം പ്രഖ്യാപിത നയങ്ങളിൽ നിന്ന് വ്യതിചലിക്കുകയോ, പ്രായോഗികാനുഭവങ്ങളിൽ നിന്ന് തെറ്റാണെന്ന് തിരിച്ചറിയുകയോ ചെയ്താൽ വ്യതിചലനത്തിനെതിരായും, തെറ്റുകൾ തിരുത്താതിരുന്നതിനെതിരായും നടക്കുന്ന വികേന്ദ്രീകൃതമായ ആശയസമരങ്ങൾ വഴിയും, ലോകായുക്ത പോലുള്ളവ വഴിയും (അല്ലാതെ അച്ചടക്ക നടപടികൾ വഴിയല്ല) വീണ്ടും ഒരു കേന്ദ്രീകൃത തീരുമാനത്തിൽ എത്തിച്ചേരുന്നു. അതേസമയം രാഷ്ട്രീയപരമല്ലാത്തതും, ഗുരുതരമല്ലാത്തതുമായ വ്യക്തിപരമായ ചില തെറ്റുകുറ്റങ്ങൾ പാർട്ടിയിലെ ലോകായുക്ത വഴി തന്നെ വിശദമായ ചർച്ചകൾക്ക് ശേഷം ഭരണഘടനാനുസൃതമായ പരിഹാരങ്ങൾ തേടാവുന്നതാണ്. പ്രസ്തുത അംഗത്തെ അപമാനിക്കുന്ന രീതിയിൽ പാർട്ടിക്ക് പുറത്ത് ചർച്ചക്ക് വിധേയമാക്കരുത്. ഇതാണ് പാർട്ടിക്കുള്ളിൽ നടക്കുന്ന ജനാധിപത്യ പ്രക്രിയ. നിരന്തരമായി നടക്കുന്ന ഈ പ്രക്രിയയിലൂടെയാണ് പാർട്ടിയെ ശുദ്ധീകരിക്കുന്നതും, ഊർജ്ജസ്വലതയോടെ മുന്നേറാൻ രാഷ്ട്രീയമായി സുശക്തമാക്കുന്നതും. ഈ വിഷയം മുൻപ് സൂചിപ്പിച്ചത് പോലെ പാർട്ടി ഭരണഘടനയിൽ തന്നെ വ്യവസ്ഥ ചെയ്ത് ഉറപ്പ് വരുത്തേണ്ടതാണ്.

അതേസമയം മൗലികവാദമെന്ന മറ്റൊരു അപകടപരമായ പ്രവണതയെയും നാം തിരിച്ചറിയണം. ജനാധിപത്യ മൗലികവാദം എന്ന രീതിയിലാണ് അപകടം നമ്മുടെ പാർട്ടിയെയും പിടികൂടാൻ സാദ്ധ്യത. പ്രായോഗിക രാഷ്ട്രീയത്തിൽ സ്വാഭാവികവും, എന്നാൽ അനിവാര്യവുമായ, പ്രത്യേകിച്ചും അപരിചിതമായ സാഹചര്യക്കുടുക്കിൽ പെടുകയും, പഴയ മാറാപ്പിൻകെട്ടുകളുടെ സ്വാധീനത്താലും സംഭവിക്കാവുന്ന പിഴവുകളേയും വ്യതിയാനങ്ങളേയും പൊറുക്കപ്പെടാനാവാത്ത ഗുരുതരമായ തെറ്റുകളായി കണ്ട് സൈദ്ധാന്തിക ശാഠ്യത്തോടെ ആശയസമരം നടത്തുക എന്ന രീതിയിലാണ് സൈദ്ധാന്തിക മൗലികവാദം കാണപ്പെടുന്നത്. ഇന്ത്യയിലെ സാധാരണക്കാർക്കൊട്ടാകെ പ്രതീക്ഷയും, പ്രത്യാശയും നൽകുന്ന ഡൽഹിയിലെ ബദൽ പ്രായോഗിക രാഷ്ട്രീയ അനുഭവങ്ങളെ ശരിയായ അർത്ഥത്തിൽ ഒരു മാതൃകാദൃഷ്ടാന്തമായി കാണുകയും, അതേസമയം മൗലികവാദപരമായ സൈദ്ധാന്തിക ശാഠ്യങ്ങളെ തിരിച്ചറിയുകയും ചെയ്യേണ്ടതുണ്ട്.

അതുപോലെ സൈദ്ധാന്തികമായിത്തന്നെ ചർച്ച ചെയ്യപ്പെടേണ്ടതും, രാഷ്ട്രീയമായി നിർവ്വചിക്കുകയും തീരുമാനിക്കുകയും ചെയ്യപ്പെടേണ്ടിയിരുന്നതുമായ മറ്റൊരു വിഷയമാണ് പാർട്ടിക്കുള്ളിലെ ഫെഡറലിസം. യഥാർത്ഥത്തിൽ പാർട്ടിക്കുള്ളിൽ പ്രാവർത്തികമാക്കേണ്ട സ്വയംഭരണത്തിന്റെ (സ്വരാജ്) പ്രശ്നം തന്നെയാണ് ഇത്. ഓരോ സംസ്ഥാനത്തിനും സ്വന്തം ആഭ്യന്തര ഭരണകാര്യങ്ങളിൽ സ്വാതന്ത്ര്യമുള്ള ഒരു ഭരണസംവിധാനം എന്നാണല്ലോ ഫെഡറൽ ഭരണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. എന്നാൽ മറ്റെല്ലാ ഭരണഘടനാപ്രമാണ തത്വങ്ങളിൽ എന്നപോലെ ഈ തത്വത്തിന്റെ കാര്യത്തിലും കേവലം ഒരു അചേതന വസ്തുവായി മാത്രമേ ഫെഡറലിസത്തെയും കേന്ദ്രഭരണാധികാരികൾ കണ്ടിരുന്നുള്ളൂ. നാനാത്വത്തിൽ ഏകത്വം എന്ന മഹനീയ തത്വത്തെ ഏകത്വത്തിൽ നാനാത്വം എന്നാക്കി മാറ്റിമറിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നാകട്ടെ ഈ ലംഘനം എല്ലാ രംഗത്തും കാവിപൂശിക്കൊണ്ട് കുറേക്കൂടി ഫാസിസ്റ്റ്വത്ക്കരിക്കപ്പെട്ടിരിക്കുന്നു. ഈ തലതിരിഞ്ഞ അധികാരപ്രയോഗത്തെ, ജനകീയ സ്വയംഭരണം സ്ഥാപിക്കുകവഴി നാനാത്വത്തിൽ ഏകത്വം എന്ന മഹത് തത്വത്തെ, ഫെഡറൽ അധികാരത്തെ ജനങ്ങൾക്ക് തിരിച്ച് പിടിച്ച് നൽകുക കൂടി ചെയ്യുക എന്നതാണ് പാർട്ടിയുടെ പരമമായ ലക്ഷ്യം. ഓരോ സംസ്ഥാനത്തിനും അതിന്റെ എല്ലാതലത്തിലും ഉള്ള സവിശേഷ സാഹചര്യത്തിന് അനുസൃതമായി വികസനം നടപ്പിലാക്കാനുള്ള സ്വാതന്ത്ര്യവും അധികാരവും സ്വയംഭരണാധികാരത്തിലൂടെ സാധിതമായിരിക്കുക എന്നതാണ് ഫെഡറലിസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഫെഡറൽ അധികാരം ജനകീയ സ്വയംഭരണത്തിലൂടെ ജനങ്ങൾക്ക് തിരിച്ചു പിടിച്ചു നൽകുക എന്നത് രാജ്യത്തിനകത്ത് മാത്രമല്ല, പാർട്ടിക്കകത്തുകൂടി ബാധകമാണെന്നതാണ് വിഷയം. രാജ്യത്തെ ഫെഡറൽ സ്വഭാവം ശരിയായ അർത്ഥത്തിൽ നിർവ്വചിക്കാനാവാത്തതുകൊണ്ടാണ്, അതായത് സംഘ്പരിവാർ വീക്ഷണമായ ഏകത്വത്തിൽ നാനാത്വം എന്ന തലതിരിഞ്ഞ

തും, അയഥാർത്ഥവുമായ വീക്ഷണം കാരണമാണ് 'ദേശീയ' നയപരിപാടി ആവിഷ്ക്കരിക്കാനും നടപ്പിലാക്കാനുമാകാത്തത്. എന്നാൽ ഇന്ത്യക്കൊട്ടാകെ ബാധകമായ ചില അടിസ്ഥാന വിഷയങ്ങളിൽ വ്യക്തവും സുനിശ്ചിതവുമായ നയങ്ങൾ പാർട്ടിയുടെ ദേശീയ നേതൃത്വത്തിന് ഉണ്ടായിരിക്കുകയും വേണം. ഉദാഹരണത്തിന് സ്ത്രീ-പുരുഷ ബന്ധം. അത് സർവ്വാധിപത്യപരമോ, പരിഹാരങ്ങൾ എന്ന നിലക്ക് തുടരുന്ന അരാജകത്വപരമോ തീവ്രവാദപരമോ ആയതിൽനിന്ന് വ്യത്യസ്തമായി ദീർഘകാലാടിസ്ഥാനത്തിലുള്ള ജനാധിപത്യ പ്രക്രിയയിലൂടെയാണ് പരിഹരിക്കപ്പെടുക എന്ന രാഷ്ട്രീയമായ തിരിച്ചറിവിലൂടെ സ്വീകരിക്കേണ്ട സ്ത്രീനയം വേണം. മറ്റൊരു അടിസ്ഥാന സാമൂഹ്യ പ്രശ്നമായ ആദിവാസി-ദളിത് പ്രശ്നം, ന്യൂന (മതമല്ല) സമുദായങ്ങളുടെ പ്രശ്നം, സവർണ്ണ ഫാസിസത്തിന്റെ പ്രശ്നം, അവയ്ക്കൊക്കെ ഉപരിയായി സാമ്രാജ്യത്വ ശക്തികൾക്കും സ്വദേശി-വിദേശ കോർപ്പറേറ്റുകൾക്കും രാജ്യത്തിന്റെ പരമാധികാരം ഉൾപ്പടെ എല്ലാമെല്ലാം അടിയറ വെച്ച് ദാസ്യവേലക്ക് കങ്കാണിപ്പണം പറ്റുന്ന കേന്ദ്ര ഭരണകൂടത്തിനെതിരായി രാജ്യസ്നേഹപക്ഷത്തും ജനപക്ഷത്തും നിൽക്കുന്നതിന്റെ വ്യക്തവും സുനിശ്ചിതവുമായ നയം. ഇവയ്ക്കൊക്കെ വ്യക്തമായ നയസമീപനങ്ങൾ ആവിഷ്ക്കരിക്കേണ്ടത് ദേശീയ നേതൃത്വമാണ്. മാത്രമല്ല, ചില മുദ്രാവാക്യങ്ങൾക്കനുസൃതമായ പ്രക്ഷോഭ-പ്രതിഷേധ സമരങ്ങൾ രാജ്യവ്യാപകമായിത്തന്നെ സംഭവിക്കേണ്ടതായിട്ടുമുണ്ട്.

ഇതുവരെ ചർച്ച ചെയ്തത് രാജ്യത്ത് സ്വയംഭരണം എന്നതുകൊണ്ട് അർത്ഥമാക്കുകയും, അതുനനുസൃതമായി പ്രസ്തുത പൊതുനയങ്ങൾ പ്രാവർത്തികമാക്കുകയും ചെയ്യുന്നതിനെ പറ്റിയാണ്. അതോടൊപ്പം അതത് സംസ്ഥാനത്ത് ജനകീയ സ്വയംഭരണം സ്ഥാപിക്കുന്നതിനുള്ള രാഷ്ട്രീയ പദ്ധതിയും, അത് പ്രാവർത്തികമാക്കാനുള്ള പ്രായോഗിക പദ്ധതിയും, പ്രത്യേകിച്ചും ആഗോള വത്ക്കരണത്തിന്റെയും ഉദാരീകരണത്തിന്റെയും ഇന്നത്തെ കാലത്ത് അതത് സംസ്ഥാനങ്ങളിലെ സാമൂഹികവും സാമ്പത്തികവും സാംസ്ക്കാരികവുമായ സവിശേഷ സാഹചര്യങ്ങൾക്കനുസൃതമായി ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യാനുള്ള അവകാശവും, അധികാരവും അതത് സംസ്ഥാന പാർട്ടി ഘടകങ്ങളിൽ നിക്ഷിപ്തമായിരിക്കണം എന്നതാണ്. അങ്ങിനെയാണ് ഫെഡറലിസം (സ്വയംഭരണം) പാർട്ടിക്കുള്ളിൽ നടപ്പിലാക്കുന്നത്. എങ്കിൽ മാത്രമേ അതത് സംസ്ഥാന ഘടകത്തിന് സ്വതന്ത്രമായി മുന്നോട്ട് ചലിക്കാൻ സാധിക്കുകയുള്ളൂ.

## രാഷ്ട്രീയ-പ്രായോഗിക പദ്ധതികൾ

കഴിഞ്ഞ കുറേ ദശകങ്ങളായി കേരളീയ സമൂഹം തങ്ങളെ ബാധിച്ച അസഹ്യവും ദുരിതപൂർണ്ണവുമായ മന്ത് വലത്കാലിൽ നിന്ന് ഇടതുകാലിലേക്കും തിരിച്ചും മാറ്റി സ്ഥാപിച്ചു കൊണ്ടിരിക്കുന്ന എ ടീം, ബി ടീം പൊറാട്ടുനാടക കളിയിൽ ഭാഗഭാഗാക്കാവാൻ നിർബന്ധിതരാക്കപ്പെട്ടതിൽ മടുപ്പും, വെറുപ്പും പൂണ്ട് പുതിയ ഒരു ബദൽ പരിഹാരം അന്വേഷിക്കുകയാണ്. കിഴക്ക് പശ്ചിമഘട്ടം തൊട്ട് പടിഞ്ഞാറ് അറബിക്കടൽ വരെയും, വടക്ക് ഗോകർണ്ണം മുതൽ തെക്ക് പാറശ്ശാലവരെയുമുള്ള കേരളീയ സമൂഹം. ഒന്നാകെ തങ്ങളുടെ ആവാസവ്യവസ്ഥ നിലനിർത്താനായി, കൃഷിഭൂമി നിലനിർത്താനായി, പരിസ്ഥിതി സംരക്ഷിക്കാനായി, കിടപ്പാടവും ജീവിതോപാധികളും സംരക്ഷിക്കാനായി, എല്ലാമെല്ലാമായ ഭൂമിയെത്തന്നെ രക്ഷിക്കാനായി ഒരു ജീവൻ-മരണ പോരാട്ടത്തിന്റെ നടുവിലാണ്. എന്നാൽ പോരാട്ടങ്ങളൊക്കെത്തന്നെ പ്രശ്നാധിഷ്ഠിതമോ, അതല്ലെങ്കിൽ ലക്ഷ്യം നേടാനാകാതെ പോവുകയോ, അതുമല്ലെങ്കിൽ ചില നിക്ഷിപ്തതാത്പര്യങ്ങളാൽ ഹൈജാക്ക് ചെയ്യപ്പെടുകയോ ചെയ്യുന്നു എന്നതാണ് അനുഭവം. ക്രൂരമായ അവഗണനകൾ വേറേയും. മാത്രവുമല്ല, അവ

കിഴക്ക് പശ്ചിമഘട്ടം തൊട്ട് പടിഞ്ഞാറ് അറബിക്കടൽ വരെയും, വടക്ക് ഗോകർണ്ണം മുതൽ തെക്ക് പാറശ്ശാലവരെയുമുള്ള കേരളീയ സമൂഹം. ഒന്നാകെ തങ്ങളുടെ ആവാസവ്യവസ്ഥ നിലനിർത്താനായി,കൃഷിഭൂമി നിലനിർത്താനായി, പരിസ്ഥിതി സംരക്ഷിക്കാനായി, കിടപ്പാടവും ജീവിതോപാധികളും സംരക്ഷിക്കാനായി, എല്ലാമെല്ലാമായ ഭൂമിയെത്തന്നെ രക്ഷിക്കാനായി ഒരു ജീവൻ-മരണ പോരാട്ടത്തിന്റെ നടുവിലാണ്. എന്നാൽ പോരാട്ടങ്ങളൊക്കെത്തന്നെ പ്രശ്നാധിഷ്ഠിതമോ, അതല്ലെങ്കിൽ ലക്ഷ്യം നേടാനാകാതെ പോവുകയോ, അതുമല്ലെങ്കിൽ ചില നിക്ഷിപ്തതാത്പര്യങ്ങളാൽ ഹൈജാക്ക് ചെയ്യപ്പെടുകയോ ചെയ്യുന്നു എന്നതാണ് അനുഭവം.


യെല്ലാം പലകാരണങ്ങളാലും വിഭിന്ന ദിശയിലേക്ക് ഒഴുകുന്ന ചെറുതും വലുതുമായ നീർച്ചാലുകളെപ്പോലെയാണ്. ഇത്തരം ഒരു സാഹചര്യത്തിൽ ലക്ഷ്യങ്ങൾ വിഭിന്നമാണെങ്കിൽത്തന്നെയും, അവയുടെ ശത്രുക്കൾ കേരളീയ സമൂഹത്തിന്റെയാകെത്തന്നെ പൊതുശത്രുക്കൾ ആണെന്നുള്ള യാഥാർത്ഥ്യം സമൂഹത്തിന് രാഷ്ട്രീയമായി തിരിച്ചറിവ് നൽകുകയും, മുന്നോട്ട് നയിക്കുകയും ചെയ്യേണ്ട മഹത് ദൗത്യം ഏറ്റെടുക്കാൻ പാർട്ടിയെ പ്രാപ്തമാക്കേണ്ടതുണ്ട്. ഇത്തരം നീർച്ചാലുകളുടെ സ്വന്തം അസ്തിത്വവും, സ്വാതന്ത്ര്യവും നിലനിർത്തിക്കൊണ്ടുതന്നെ അവയുടെ സൈദ്ധാന്തിക ശാഠ്യം കൈവിടുകയും സാങ്കേതികവും പ്രായോഗികവുമായ പോരായ്മകൾ അതിജീവിക്കുകയും, എല്ലാതരം മാലിന്യങ്ങളും വിഘ്നങ്ങളും ദൂരീകരിക്കുകയും ചെയ്യാനായി ഒരു ജനാധിപത്യ പ്രക്രിയയിലൂടെ ഒരൊറ്റ നദീപ്രവാഹമായി മാറ്റിയെടുക്കാനും മുന്നോട്ട് നയിക്കാനുമായി പാർട്ടിയെ രാഷ്ട്രീയമായി സജ്ജമാകുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

പ്രതിരോധ-പ്രക്ഷോഭ രംഗത്തുള്ള സംഘടനകളും, ആദിവാസി-ദളിത് സമൂഹങ്ങൾ ഉൾപ്പടെയുള്ള വിവേചനത്തിനും അവഗണനകൾക്കും വിധേയമാക്കപ്പെട്ട മർദ്ദിത സാമൂഹ്യ വിഭാഗങ്ങളേയും ഭൂമിക്ക് വേണ്ടിയും, ഭൂമി ഒഴിപ്പിക്കലിനെതിരായും പോരാടുന്ന സംഘടനകളും ജനകീയ ആരോഗ്യ-വിദ്യഭ്യാസ -ശാസ്ത്ര-ചരിത്ര രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളും ചിന്തകരും ഉൾപ്പടെ കേരളീയ സമൂഹത്തിന്റെ നന്മക്കും പുരോഗതിക്കും വികസനത്തിനും നിലകൊള്ളുന്ന എല്ലാ സംഘടനകളും വ്യക്തികളും ഉൾക്കൊള്ളുന്ന വിശാലമായ ഒരു പൊതുവേദിക്ക് രൂപം നൽകുന്നതിലൂടെയേ ഈ സുപ്രധാന ദൗത്യനിർവ്വഹണത്തിന്റെ പ്രാഥമികഘട്ടം പൂർത്തീകരിക്കപ്പെടുകയുള്ളൂ. അതായത്, സംസ്ഥാന പാർട്ടിയുടെ രാഷ്ട്രീയ പദ്ധതി ആവിഷ്ക്കരിക്കപ്പെട്ടതിന്റെ പ്രാഥമികഘട്ടം പൂർത്തീകരിക്കപ്പെട്ടു എന്നർത്ഥം. എന്നാൽ ഇത്തരം ഒരു വേദിക്കുള്ള ഒരു രൂപരേഖ മുന്നോട്ട് വെക്കുമ്പോൾ, ഇന്നത്തെ കാലഘട്ടത്തിൽ അലംഘനീയവും സുനിശ്ചിതവുമായ ഒരു രാഷ്ട്രീയ നിലപാടുകൂടി മുൻ ഉപാധികളായി മുന്നോട്ട് വെക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ അത് പൂർണ്ണമാവുകയുള്ളൂ.

1. ഇന്ത്യൻ ഭരണഘടനയും, അതിന്റെ പ്രാമാണിക തത്വങ്ങളും പൂർണ്ണമായി അംഗീകരിക്കുക.
2. ആഗോള-ഉദാരവത്ക്കരണങ്ങളുടെ പേരിൽ രാജ്യത്തെ പ്രകൃതിവിഭവങ്ങളും ജനങ്ങളേയും യഥേഷ്ടം കൊള്ളയടിക്കപ്പെടുകയും, ചൂഷണം ചെയ്യപ്പെടുകയും, തങ്ങളുടെ ആവാസ വ്യവസ്ഥയിൽ നിന്ന് ആട്ടിയോടിക്കപ്പെടുകയും, കുടിയിറക്കപ്പെടുകയും ചെയ്യുന്നതിന് വിവിധ സാമ്രാജ്യത്വങ്ങൾക്കും സ്വദേശി-വിദേശ കോർപ്പറേറ്റുകൾക്കും വിവിധ ലോബികൾക്കും, മാഫിയകൾക്കും ആയി രാജ്യത്തെ പരമാധികാരമുൾപ്പടെ സമസ്ത മേഖലകളും പരക്കെ തുറന്നുകൊടുത്തുകൊണ്ട് വിധേയവിനീതമായി ദാസ്യവേല ചെയ്യുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ രാജ്യദ്രോഹപരവും ഭരണഘടനാവിരുദ്ധവുമായ നയങ്ങൾക്കെതിരെ.
3. ഇത്തരം രാജ്യദ്രോഹപരവും ജനവിരുദ്ധവുമായ നയങ്ങൾക്കും ചെയ്തികൾക്കും എതിരെ നാടിനെയും ജനങ്ങളെത്തന്നെയും കാത്തുരക്ഷിക്കാനുള്ള പ്രതിരോധങ്ങളേയും ചെറുശബ്ദത്തെപ്പോലും അടിച്ചമർത്തുന്ന ഭരണകൂട ഭീകരതക്കെതിരെ.
4. നമ്മുടെ ചരിത്രം, ശാസ്ത്രം, സംസ്ക്കാരം, കലാ-സാഹിത്യം, വിദ്യഭ്യാസം, ആരോഗ്യം എന്നുവേണ്ട, സമസ്ത മേഖലകളേയും കാവി പൂശാനുള്ള ഛിദ്രശക്തികളുടെ കുടില ശ്രമങ്ങൾക്കെതിരെ.
5. നാനാത്വത്തിൽ ഏകത്വം എന്ന മഹനീയ ആദർശമായ, മതേതരത്വം എന്ന ഭരണഘടനാപ്രമാണം നഗ്നമായി ലംഘിച്ചുകൊണ്ടും, അധികാരകേന്ദ്രങ്ങളും സവർണ്ണ ഫാസിസ്റ്റുകളും ന്യൂനപക്ഷ സമുദായങ്ങൾക്കെതിരെ നടത്തിക്കൊണ്ടിരിക്കുന്ന ഭരണകൂട ഭീകരതയുൾപ്പടെയുള്ള എല്ലാതരം കടന്നാക്രമണങ്ങൾക്കും വിവേചനങ്ങൾക്കും എതിരെ.
6. എല്ലാതരം മത-രാഷ്ട്രീയ തീവ്രവാദ ആശയങ്ങളും ചെയ്തികളും എതിർക്കുന്നതോടൊപ്പം നിശ്ചിത അകലം പാലിക്കുകയും ചെയ്യുക.
7. അക്രമരാഹിത്യം വേദിയുടെ അടിസ്ഥാന പ്രവർത്തനമാർഗ്ഗമായി അംഗീകരിക്കുക.

### പൊതുവേദിയുടെ രാഷ്ട്രീയലക്ഷ്യം

കേരളീയ സമൂഹം ഒന്നടങ്കം തന്നെ ചെറുതും വലുതുമായ വിവിധ ആവശ്യങ്ങൾക്കായി ദീർഘവും കഠിനവുമായ പോരാട്ടനടുവിലാണ്. എന്നാൽ അവയ്ക്കൊന്നും തന്നെ ലക്ഷ്യം നേടാനാകുന്നുമില്ല. പകരം പാലിക്കപ്പെടാത്ത വാഗ്ദാനങ്ങളും ഒത്തുതീർപ്പുകളും കരാറുകളുമായി മാറുന്നതായാണ് പതിവ്. തങ്ങൾ തെരഞ്ഞെടുത്ത് അധികാരത്തിലേറ്റിയ പക്ഷങ്ങൾ ഒന്നുംതന്നെ തങ്ങളുടെ നന്മക്കോ ക്ഷേമത്തിനോ അല്ല എന്നും, പകരം ഈ നാടിന്റെയും തങ്ങളുടെ തന്നെയും



അമീർ അലി

ഈ അവസ്ഥക്ക് കാരണക്കാരായവരുടെ താത്പര്യ സംരക്ഷകർ മാത്രമാണെന്നും, അതുകൊണ്ട് ഈ ജനശത്രുക്കളിൽനിന്ന് രാഷ്ട്രീയ അധികാരം തിരിച്ച് പിടിക്കുന്നതിലൂടെ മാത്രമേ തങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാവുകയുള്ളൂവെന്നും, അതുകൊണ്ട് കേരളീയ സമൂഹം ഒറ്റക്കെട്ടായി ഒരു വേദിയിൽ അണിനിരക്കുകയും രാഷ്ട്രീയാധികാരം തിരിച്ചുപിടിക്കാനായി ഭരണഘടനാനുസൃതമായി പോരാടുകയും ചെയ്യേണ്ടതുണ്ടെന്ന് രാഷ്ട്രീയമായിത്തന്നെ കേരളീയ സമൂഹത്തെ ബോദ്ധ്യപ്പെടുത്തുന്നതിലെ വിജയമാണ് വേദിയുടെ വിജയം. സ്വയാശ്രിതവും, സ്വയം പര്യാപ്തപരവുമായ ജനപക്ഷ വികസനത്തിലൂടെ അഴിമതിമുക്തവും ഐശ്വര്യപൂർണ്ണവുമായ കേരളത്തിന്റെ ഒരു പ്രകടനപത്രിക കേരളീയ സമൂഹത്തിന്റെ മുമ്പാകെ സമർപ്പിക്കാൻ പൊതുവേദിക്ക് സമീപഭാവിയിൽത്തന്നെ സാദ്ധ്യമാകണം. അത്തരം ഒരു വേദിക്ക് രൂപം നൽകുകയും, വിജയത്തിൽ എത്തിക്കുകയും ചെയ്യുക എന്നത് ക്ഷിപ്രസാദ്ധ്യമല്ലെന്ന് പാർട്ടി മനസ്സിലാക്കണം. രാഷ്ട്രീയമായ ഉൾക്കാഴ്ച്ചയും ആർജ്ജവവും പ്രായോഗികതയിൽ വേണ്ട മെയ് വഴക്കവും ക്ഷമയും ഒക്കെ ഈ കർത്തവ്യ നിർവ്വഹണംആവശ്യപ്പെടുന്നു.

പാർട്ടിയുടെ സംസ്ഥാനതലത്തിൽ നടപ്പിലാക്കേണ്ട രാഷ്ട്രീയ പ്രായോഗിക പദ്ധതിയുടെ ആദ്യഭാഗമാണ് ഇവിടെ അവതരിപ്പിച്ചത്. ഈ പദ്ധതിക്ക് തന്നെ മറ്റൊരു തലവും കൂടിയുണ്ട്. അത് പാർട്ടിയുടെ ജില്ലാ നേതൃത്വത്തിൽ രാഷ്ട്രീയ മാർഗ്ഗദർശനത്തിൻ കീഴിൽ പഞ്ചായത്ത് / നഗരസഭ / വാർഡ് തലങ്ങളിൽ നടക്കുന്ന അടിസ്ഥാനതല പ്രവർത്തനങ്ങളാണ്. നമ്മുടെ പ്രവർത്തകർ സാദ്ധ്യമാകുന്ന വാർഡുകളിൽ ജനങ്ങളുമായി വെള്ളത്തിലെ മത്സ്യം പോലെ അടുത്ത് ബന്ധം സ്ഥാപിച്ച് ആശയവിനിമയവും സംവാദങ്ങളും നടത്താനായി പദ്ധതികൾ ആവിഷ്ക്കരിക്കുക. അങ്ങിനെ ജനങ്ങളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും മനസ്സിലാക്കുന്നതിനോടൊപ്പം നഗരപാലിക/പഞ്ചായത്തിരാജിൽ പൗരന്മാർക്കുള്ള അധികാരങ്ങളേയും, അവകാശങ്ങളേയും പറ്റി ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക. സഹായത്തിന് പഞ്ചായത്തിരാജിനെ പറ്റിയുള്ള കിലയുടെ കൈപ്പുസ്തകം പ്രയോജനപ്പെടുത്തുക. ഇത്തരം തുടർച്ചയായ സംവാദങ്ങളും ചർച്ചകൾക്കുമായി ജനസഭകൾ പോലുള്ള കൂട്ടായ്മകൾ പ്രയോജനപ്പെടുത്തുക. തീർച്ചയായും മറ്റു പരമ്പരാഗത രാഷ്ട്രീയപാർട്ടികളുടെ സ്വാധീനതക്കകത്താണ് നാം പ്രവർത്തിക്കേണ്ടത് എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട് ഈ മുദ്രാവാക്യം മുറുകെപ്പിടിക്കുക.

അമ്മമാർ ആരുമായിക്കൊള്ളട്ടെ
മുലപ്പാലിന്റെ രുചി ഒന്നാണ്!
ജാതി, മതം ഏതുമായിക്കൊള്ളട്ടെ
ചോരയുടെ നിറം ചോപ്പാണ്!
കൊടിയുടെ നിറം ഏതുമായിക്കൊള്ളട്ടെ
വിയർപ്പിന്റെ രുചി ഉപ്പാണ്!

അക്രമരാഹിത്യത്തിന്റെ പാതയിലുള്ള സുതാര്യമായ ബദൽ രാഷ്ട്രീയ പ്രവർത്തനങ്ങളിലൂടെ തങ്ങളുടെ വാർഡിലെ യഥാർത്ഥ ജനപ്രതിനിധിയെ, സ്വീകാര്യനായ വ്യക്തിയെ ജനങ്ങൾ കണ്ടെത്തുക തന്നെ ചെയ്യും. അങ്ങിനെ ഗ്രാമങ്ങളിൽ (വാർഡുകളിൽ) പഞ്ചായത്തുകളിൽ പഞ്ചായത്തീരാജ് പൂർണ്ണ അർത്ഥത്തിൽ സ്ഥാപിതമാകുന്നതിലൂടെ ജനകീയ സ്വയംഭരണം സ്ഥാപിക്കുന്നതിന്റെ ആദ്യചുവടുവെയ്പ്പുകൾ നടക്കുന്നതാണ്.

ഇത്തരം ഒരു രാഷ്ട്രീയപ്രവർത്തനം പരമ്പരാഗത രാഷ്ട്രീയ പ്രവർത്തനങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തവും നേർവിപരീതവുമാണ്. അതിന് അടിസ്ഥാന രാഷ്ട്രീയ നിലപാടുകളെ അഗ്രിമസ്ഥാനത്തു നിർത്തുന്നതോടൊപ്പം തന്നെ പ്രായോഗിക രാഷ്ട്രീയവുമായി കണ്ണി ചേർക്കുന്നതിൽ നൈപുണ്യം നേടേണ്ടതുണ്ട്., അതായത് തന്ത്രത്തെ അടവുകളുമായി കണ്ണി ചേർക്കുക, ലക്ഷ്യത്തിലേക്ക് മുന്നേറുക, വിജയം സുനിശ്ചിതമാണ്. “രാഷ്ട്രീയത്തെ അഗ്രിമസ്ഥാനത്ത് നിർത്തുക. ജനങ്ങളുടെ താത്പര്യം പാർട്ടിയുടെ താത്പര്യം.”

കേരളീയ സമൂഹത്തിന്റെ വിശ്വാസവും പ്രതീക്ഷയും സഫലീകരിക്കുകയും, അവരുടെ മുന്നണിപ്പോരാളിയും സേവകനും അദ്ധ്യാപകനും ആയി വർത്തിക്കുകയും ചെയ്യുന്നതിന് മുഴുവൻ പാർട്ടിയെയും രാഷ്ട്രീയമായും സംഘടനാപരമായും സജ്ജമാക്കുക എന്ന സുപ്രധാന ലക്ഷ്യത്തോടെ മുന്നോട്ടുവെച്ച ഈ രേഖ മുഴുവൻ പാർട്ടി അംഗങ്ങളും ഒറ്റക്കും കൂട്ടായും ചർച്ച ചെയ്യുകയും, പഠിക്കുകയും ഗ്രഹിക്കുകയും ചെയ്യണമെന്ന് സംസ്ഥാന നേതൃത്വം തീരുമാനമെടുക്കണം.■

**സംവാദം പ്രതീക്ഷിക്കുന്നു**

ആം ആദ്മി പാർട്ടിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് അമീർ അലി പങ്കുവച്ച നിരീക്ഷണങ്ങളിൽ തുടർ ചർച്ച പ്രതീക്ഷിക്കുന്നു.